നം: എൻ.എം.6/65975/2012/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 20.12.2014.

# സർക്കുലർ

സൂചന : പൊതുവിദ്യാഭ്യാസം - ഉച്ചഭക്ഷണ പരിപാടി - സ്കൂൾ കുട്ടികൾക്ക് Iron Folic Acid ഗുളിക നൽകുന്നതു സംബന്ധിച്ച്.

സൂചന : 1) 19.01.2013, 16.07.2013 തീയതികളിലെ ഇതേ നമ്പർ സർക്കുലർ ഉത്തരവ്.
2) 10.09.2014-ൽ ബഹു: ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല അവലോകന യോഗത്തിലെ തീരുമാനങ്ങൾ.

സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിലെയും ആറാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ആഴ്ചയിൽ ഓരോ Iron Folic Acid ഗുളികയും, വർഷത്തിൽ രണ്ട് തവണ വിര നിവാരണ ഗുളികകളും വിതരണം ചെയ്യുന്നതിന് വിദ്യാഭ്യാസ വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് സൂചന (1) പ്രകാരം വിശദമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. 24.09.2014-ൽ ബഹു: ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന WIFS പരിപാടിയുടെ സംസ്ഥാനതല യോഗത്തിൽ, സംസ്ഥാനത്തെ സ്കൂളുകളിലെ ഗുളിക വിതരണ പരിപാടി അവലോകനം ചെയ്യുകയും പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ചചെയ്യുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും സത്വരശ്രദ്ധക്കും അടിയന്തിര നടപടികൾക്കുമായി ചുവടെ ചേർക്കുന്നു.

1) വിദ്യാഭ്യാസ ഓഫീസർമാർ വിളിച്ചുകൂട്ടുന്ന ഔദ്യോഗിക യോഗത്തിൽ WIFS പരിപാടി ഒരു പ്രധാന അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.
2) റവന്യൂ ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പദ്ധതി നിർവ്വഹണത്തിന്റെ ഏകോപനവും മേൽനോട്ടവും നടത്തേണ്ടതാണ്. സംസ്ഥാനതലത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പദ്ധതിയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതാണ്.
3) ഗുളിക വിതരണം സംബന്ധിച്ച് വിവരം on-line ആയി ശേഖരിക്കുന്നതിന് IT@ School ന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ Software കൈകാര്യം ചെയ്യുന്നതിന് IT Master Trainers നും IT Co-ordinators-നും പരിശീലനം നൽകിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി എല്ലാ School IT Co-ordinator മാർക്കും, സ്കൂളുകളിലെ നോഡൽ അദ്ധ്യാപകർക്കും ബന്ധപ്പെട്ട മറ്റു ജില്ലാതല ഉദ്യോഗസ്ഥൻമാർക്കും

പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പാക്കേണ്ടതാണ്.

4) 2014 ഒക്ടോബർ മാസം മുതൽ ഗുളിക വിതരണം സംബന്ധിച്ച വിവരങ്ങൾ IT@School തയ്യാറാക്കിയ Software ഉപയോഗിച്ചുതന്നെ കൈകാര്യം ചെയ്യേണ്ടതാണ്. 2014 സെപ്റ്റംബർ വരെയുള്ള വിവരങ്ങൾ മുൻപ് ചെയ്തിരുന്നതുപോലെ Annexure Form - കളിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.
5) സ്കൂളുകളിൽ വിതരണത്തിന് ആവശ്യത്തിനുള്ള ഗുളിക ലഭ്യമല്ലെങ്കിൽ ആ വിവരം അതാത് മെഡിക്കൽ ഓഫീസർമാരുടെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതാണ്.
6) ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ സഹകരണത്തോടെ രക്ഷകർത്താക്കൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
7) ഗുളിക വിതരണം കൃത്യമായും കാര്യക്ഷമമായും നടപ്പിലാക്കാത്ത സ്കൂളുകളെ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
8) ഗുളിക വിതരണം സംബന്ധിച്ചുള്ള on-line റിപ്പോർട്ട് വിദ്യാഭ്യാസ ഓഫീസർമാർ മോണിട്ടർ ചെയ്യേണ്ടതാണ്.

എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും WIFS പദ്ധതി സ്വമേധയാ ഏറ്റെടുത്ത് വിജയകരമാക്കിത്തീർക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-
**പൊതുവിദ്യാഭ്യാസ ഡയറക്ടർ.**

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്.**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസർമാർക്കും.

പകർപ്പ്: 1) ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
2) ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്, തിരുവനന്തപുരം.
3) സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം.
} അറിവിലേക്കായി
4) ഡയറക്ടർ, IT@School. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

സൂക്ഷിപ്പു ഫയൽ.